1. കഥയിലെ ഒരു പ്രധാന കഥാപാത്രമാണ് ബഷീറിന്റെ ബാപ്പ. അദ്ദേഹത്തിന്റെ സ്വഭാവത്തിന് എന്തെല്ലാം പ്രത്യേകതകളുണ്ട്. അവയെല്ലാം ഉൾപ്പെടുത്തി ബഷീറിൻ്റെ ബാപ്പയെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പ് എഴുതൂ.

ബഷീറിന്റെ ബാപ്പ- തികഞ്ഞ സഹജീവിസ്നേഹി

വൈക്കം മുഹമ്മദ് ബഷീറിൻ്റെ 'നീർനാഗം' എന്ന കഥയിലെ പ്രധാന കഥാപാത്രമാണ് ബഷീറിന്റെ ബാപ്പ. വളരെ നല്ല സ്വഭാവസവിശേഷതകൾക്ക് ഉടമയാണ് അദ്ദേഹം, തടിക്കച്ചവടക്കാരനായ അദ്ദേഹം വളരെയധികം ചിട്ടയോടെ ജീവിക്കുന്നവനാണ്. സ്നേഹസമ്പന്നനായ പിതാവായിരിക്കുമ്പോഴും മക്കളുടെ തെറ്റുകളെ അദ്ദേഹം ഉടൻതന്നെ തിരുത്താൻ സന്നദ്ധത കാണിക്കുന്നുമുണ്ട്.

TalentHunt

3.നീർക്കോലിക്ക് നീർനാഗമെന്ന് പേര് കൊടുത്തത് ആര്?

തമിഴ്നാട്ടിൽ നിന്നും വന്ന ഒരാൾ (പാമ്പാട്ടി) മൂർഖൻ പാമ്പിനെ ഒരു കുട്ടയിലാക്കി തലയ്ക്കൽ വച്ചുറങ്ങി. അയാളുടെ മൂർഖൻ പാമ്പിനെ ആരോമോഷ്ടിച്ചുകൊണ്ടുപോയി ജീവിക്കാൻ നിവൃ ത്തിയില്ലാതെ അയാൾ നീർക്കോലിയെ പിടിച്ചു. ചന്തയിൽ പാമ്പ് കളിക്ക് കൊണ്ടുവന്നു. അയാളാണ് നീർക്കോലിക്ക് നീർനാഗമെന്ന് പേര് കൊടുത്തത്

ഉച്ചനമസ്കാരത്തിന് വീട്ടിലെത്തി ബാപ്പ നിസ്കാരം ചെയ്യാൻ തുടങ്ങു മ്പോഴാണ് ബഷീർ പിടിച്ചുകൊണ്ടുവന്ന നീർക്കോലി മുന്നിൽ വന്ന് വീണത്. പക്ഷേ, അദ്ദേഹം നമസ്കാരം പൂർത്തിയാക്കുന്നു. ഇത് അദ്ദേഹത്തിന്റെ ദൈവവിശ്വാസം എത്രത്തോളം വലുതായിരുന്നു എന്നതിന്റെ തെളിവാണ്.

Talent Hunt

1. നീർനാഗം എന്ന കഥയിലൂടെ വൈക്കം മുഹമ്മദ് ബഷീർ നൽകുന്ന സന്ദേശമെന്ത്?

'അല്ലാഹുവിൻ്റെ സൃഷ്ടികളിലൊന്നിനേയും കാരണം കൂടാതെ ദ്രോഹിക്കരുത് 'എന്ന സന്ദേശമാണ് ബഷീർ നീർനാഗം എന്ന കഥയിലൂടെ നൽകുന്നത്.

Talent Hunt

2. ബഷീറിൻ്റെ ബാപ്പ എപ്പോഴാണ് നീർനാഗത്തെ കാണുന്നത്?

ബഷീറിൻ്റെ ബാപ്പ ഉച്ചസമയത്തെ നമസ്ക്കാരത്തിന് വേണ്ടി നിസ്കാരപ്പായ വിരിച്ച് അതിൽ കയറി നിന്നപ്പോഴാണ് നീർനാഗത്തെ കണ്ടത്.

Talent Hunt

ബഷീറാണ് നീർക്കോലിയെ പിടിച്ചുകൊണ്ടുവന്നതെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം ബഷീറിനെ വിളിപ്പിക്കുന്നു. നീർക്കോലിയെ ചൂണ്ടി അതെന്താണെന്ന് ചോദിച്ചപ്പോൾ നീർനാഗമെന്ന ബഷീറിന്റെ മറുപടി അദ്ദേഹത്തിൽ ചിരിയാണ് ഉണർത്തിയത്. ബഷീറിൻ്റെ ഉമ്മയോട് അതേപ്പറ്റി പറഞ്ഞ് അദ്ദേഹം ചിരിക്കുന്നുമുണ്ട്. ബഷീറിന്റെ ബാപ്പയുടെ നർമ്മബോധമാണ് ഇവിടെ കാണാൻ കഴിയുന്നത്. നീർക്കോലിയെ പിടിച്ചുകൊണ്ടുവന്നതിന് അദ്ദേഹം ബഷീറിനെ

നർമ്മബോധം, ചിട്ടയായ ജീവിതം, കൃത്യനിഷ്ഠത, സ്നേഹം, സഹജീവി സ്നേഹം, തെറ്റ് കണ്ടാൽ ഉടൻ തിരുത്തുക, ദൈവവിശ്വാസം ഇങ്ങനെ ഒട്ടേറെ സ്വഭാവ സവിശേഷതകൾ അദ്ദേഹത്തിൽ ഒത്തുചേർന്നിരിക്കുന്നു.ഉച്ചക്ക് നിസ്കകരിക്കാൻ വന്ന അദ്ദേഹം നിലത്ത്, വിരികൾക്കിടയിൽ നീർക്കോലിക്കുഞ്ഞ്  കിടന്ന് പുളയുന്നതാണ് കാണുന്നത്.അത് ചെയ്തത് ആരാണെന്ന് ഉമ്മയോട് അന്വേഷിക്കുന്ന ആ രംഗം ബാപ്പയുടെ നർമ്മബോധത്തിന്റെ നേർക്കാഴ്ചയാണ് .

നിസ്കാരം പൂർത്തിയാക്കിയതിനു ശേഷം ഈ കുരുത്തക്കേട് കാണിച്ച ബഷീറിനെ വിളിച്ചുവരുത്തി മേലിൽ ഇത്തരം കുറുമ്പുകൾ ആവർത്തിക്കാതിരിക്കാൻ ചൂരൽ വടികൊണ്ട് തുടയിൽ അടിക്കുന്നുണ്ട്. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒന്നിനെയും കാരണം കൂടുതൽ ദ്രോഹിക്കരുത് എന്ന് താക്കീത് നൽകി നീർക്കോലിയെ പിടിച്ചെടുത്തു കൊണ്ടുവിടാൻ പറയുകയും ചെയ്യുന്നു. മകൻ ചെയ്ത തെറ്റ് കണ്ടെത്തി അത് തിരുത്തുകയും മകന് നേർവഴി കാണിച്ചുകൊടുക്കുകയുമാണ് ബാപ്പ ചെയ്യുന്നത്.

ശിക്ഷിക്കുകയും ചെയ്യുന്നു ണ്ട്. അതിനുശേഷം ബഷീറിനെയും കൂട്ടി തോട്ടിന്റെ അടുത്തുചെന്ന് ആ നീർനാഗത്തെ മോചിപ്പിക്കുന്നു. ഒപ്പം "അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒന്നിനേയും കാരണം കൂടാതെ ദ്രോഹിക്കരുത്" എന്ന് ബഷീറിന് പറഞ്ഞു കൊടുക്കുന്നു. ഇതെല്ലാം അദ്ദേഹത്തിന്റെ സഹജീവിസ്നേഹത്തിൻ്റെ തെളിവാണ്. പിൽക്കാലത്ത് എല്ലാ ജീവികളെയും ഭൂമി യുടെ അവകാശികളായി കണ്ടവനാണ് ബഷീർ. ഈ മനോഭാവം ബഷീറിൽ രൂപപ്പെ ട്ടത് ബാപ്പയുടെ സ്വാധീനംകൊണ്ടാണെന്ന് നമുക്ക് മനസ്സിലാക്കാം.

ഇതിൽ നിന്നും അദ്ദേഹം കൃത്യനിഷ്ഠതയും , സഹജീവി സ്നേഹവും ഉള്ള, സ്നേഹമുള്ള പിതാവുമാണെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.ഇങ്ങനെ കഥയിലുടനീളം നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ് ബഷീറിന്റെ ബാപ്പ.

# കഥാപാത്ര നിരൂപണം - ബഷീറിന്റെ ബാപ്പ

എത്ര വിഷമം പിടിച്ച ജീവിതാനുഭവത്തെയും നർമ്മം കലർത്തി അവതരിപ്പിച്ച് വായനക്കാരെ ചിരിപ്പിച്ച എഴുത്തുകാരനാണ് 'ബേപ്പൂർ സുൽത്താൻ ' എന്ന അപരനാമത്തിൽ അറിയപ്പെട്ട വൈക്കം മുഹമ്മദ് ബഷീർ. ബഷീറിന് ആറേഴ് വയസ്സുള്ളപ്പോൾ നടന്ന സംഭവമാണ് പിൽക്കാലത്ത് നീർനാഗമെന്ന രസകരമായ കഥയായി മാറിയത്.അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒന്നിനെയും കാരണം ദ്രോഹിക്കരുതെന്ന സന്ദേശം ഈ കഥയിലൂടെ ബഷീർ നമുക്ക് നൽകുന്നുണ്ട്.കഥയിലെ പ്രധാന കഥാപാത്രമാണ് ബഷീറിന്റെ ബാപ്പ.